# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>സെന്റർ ഫോർ എക്സലൻസ് ജെംസ് ആന്റ് ജൂവലറി പദ്ധതി</u>

2479 ശ്രീ. ഹൈബി ഈഡൻ
'' കെ. ശിവദാസൻ നായർ
'' എം. പി. വിൻസെന്റ്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെന്റർ ഫോർ എക്സലൻസ് ജെംസ് ആൻഡ് ജൂവലറി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾക്ക് വെൽഫെയർ ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ

2480 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നിലവിൽ നൽകി വരുന്നത്;

(സി) പ്രസ്തുത തൊഴിലാളികളെ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന തൊഴിലുടമകൾ തൊഴിലാളികളുടെ ക്ഷേമത്തിനായി അടയ്ക്കുന്ന സെസ് തുകയിൽ നിന്നും അന്യസംസ്ഥാന തൊഴിലാളികൾക്ക് എന്തെങ്കിലും ക്ഷേമ, ധനസഹായങ്ങൾ ബോർഡ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് താൽക്കാലികമായെങ്കിലും ബോർഡിൽ അംഗത്വം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തേക്ക് കൊണ്ടുപോകുന്ന</u>
<u>തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

2481 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിന്നും തൊഴിലിനായി ആദിവാസികൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തൊഴിലാളികൾ അവിടെ വിവിധതരം ചൂഷണങ്ങൾക്ക് വിധേയരാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ തൊഴിലാളികളെ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

എ. പി. എൽ., ബി. പി. എൽ കാർഡുടമകളുടെ വിശദവിവരം

2482

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആരോഗ്യ ഇൻഷ്വറൻസ് കാർഡുടമകൾ ഉണ്ടെന്നുള്ള വിവരം നൽകുമോ;

(ബി) സർക്കാർ ആശുപത്രികൾക്കു പുറമെ എത്ര സ്വകാര്യ ആശുപത്രികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(സി) ഈ വർഷം എത്ര പേരുടെ എത്ര പ്രീമിയം തുക സർക്കാർ അടച്ചിട്ടുണ്ട്;

(ഡി) പദ്ധതിയിലുൾപ്പെടുന്ന ബി. പി. എൽ. കാർഡുടമകളുടെ വിശദവിവരം നൽകുമോ;

(ഇ) എ. പി. എൽ. കാർക്ക് വരുമാനപരിധി ഉയർത്തി നിശ്ചയിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ- ക്ഷേമ സംരംഭങ്ങൾ

2483 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ ക്ഷേമ സംരക്ഷണങ്ങൾക്കു വേണ്ടി തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ വലിയ തോതിൽ കൊണ്ടുവന്ന് കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയരാക്കുന്ന വൻകിട സ്ഥാപനങ്ങളേയും വ്യക്തികളേയും നിരീക്ഷിക്കാനും ചൂഷണത്തിന് അറുതി വരുത്താനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ കടന്നു കയറ്റം</u>

2484 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നു കയറ്റം മൂലം തൊഴിൽ മേഖലയിൽ ഉയർന്നു വരുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അന്യ സംസ്ഥാന തൊഴിലാളികൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തൊഴിൽ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം</u>

2485 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ജോബ് കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവർക്ക് എന്തെങ്കിലും രീതിയിലുള്ള രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അന്യ സംസ്ഥാന തൊഴിലാളികൾ ഏത് സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്; ഇവർക്കെതിരെയുള്ള ഏജന്റുമാരുടെ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവർക്കും അംഗത്വം നൽകുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് പഠനം

2486 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് സംസ്ഥാന തൊഴിൽ വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഓരോ വർഷവും എത്ര പേർ തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നുണ്ടെന്നും അവർ ഏതെല്ലാം സംസ്ഥാനങ്ങളിൽപ്പെട്ടവരാണെന്നും വ്യക്തമാക്കാമോ ;

(സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുവാനും അവരുടെ ആരോഗ്യ സംരക്ഷണത്തിനും താമസസൗകര്യങ്ങൾക്കും പദ്ധതികൾ ആവിഷ്കരിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക്</u>
<u>പുനരധിവാസ പദ്ധതി</u>

2487 ശ്രീ.കെ. മുരളീധരൻ
,, വർക്കല കഹാർ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

**കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം നടപ്പാക്കാൻ പദ്ധതി**

2488 ശ്രീ. ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം നടപ്പാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കുടിയേറ്റ തൊഴിലാളികളുടെ എണ്ണം</u>

2489 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിയേറ്റ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര തൊഴിലാളികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരല്ല എന്ന് കണ്ടെത്തുന്നതിന് ബോർഡ് നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

കൊല്ലം ജില്ലാശുപത്രിയിൽ 'തൊഴിലാളി വാർഡ്'

2490 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാശുപത്രിയിൽ 'തൊഴിലാളി വാർഡ്' നിർമ്മിക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് എത്ര തുക ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്; ഏതെല്ലാം ക്ഷേമനിധികളിൽ നിന്നാണ് തുക ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകൾ പദ്ധതി അംഗീകരിച്ച് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനാവശ്യമായ ഉത്തരവ് ഗവൺമെന്റ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ തൊഴിൽ സംവരണം</u>

T2491 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണം ഉറപ്പുനൽകുന്ന എന്തെങ്കിലും നിയമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണ നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഉണ്ടെങ്കിൽ ഉടൻ നിയമനിർമ്മാണം നടത്തുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ബലരാമൻ കമ്മീഷൻ ശുപാർശകൾ</u>

2492 ശ്രീ. സി. ദിവാകരൻ
'' ജി. എസ്. ജയലാൽ
'' കെ. രാജു
'' മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളിൽ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; പുതുക്കി നിശ്ചയിച്ച വേതന നിരക്കുകൾ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ബലരാമൻ കമ്മീഷൻ ശുപാർശകൾ ഏതെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

**ക്ഷീരകർഷകരെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം**

T2493 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ക്ഷീരകർഷകരെ കൂടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

**കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം**

2494 ശ്രീ. പി. കെ. ഗുരുദാസൻ
'' എസ്. രാജേന്ദ്രൻ
'' ബാബു എം. പാലിശ്ശേരി
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ രണ്ടു വർഷം അംഗങ്ങൾക്ക് ഏതെല്ലാം ഇനത്തിൽ മൊത്തം എത്ര തുക നൽകിയിട്ടുണ്ടെന്നും, ക്ഷേമനിധിയിൽ ഇപ്പോൾ എത്ര തുക നീക്കിയിരിപ്പുണ്ടെന്നും അറിയിക്കുമോ; അംഗങ്ങളുടെ ജില്ലതിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(സി) ഒരു വർഷം മുടങ്ങാതെ വിഹിതമടയ്ക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് 12 ആഴ്ചയിലെ ശമ്പളത്തിന് തുല്യമായ തുക പ്രസവകാല ആനുകൂല്യമായി നൽകണമെന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര സ്ത്രീ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും എത്ര തുക വീതമായിരുന്നെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>പേപ്പർ നിർമ്മാണ കമ്പനികളിൽ മിനിമം വേതനം</u>

2495 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പേപ്പർ നിർമ്മാണ കമ്പനികളിൽ മിനിമം വേതനം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് എന്ന് അറിയിക്കാമോ;

(ബി) നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>റോഡ് ടാറിംഗ് മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ</u>

2496 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ടാറിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളികള്‍ക്ക് ആനുകൂല്യങ്ങള്‍</u>

2497 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികള്‍ക്ക് ജോലിയും കൂലിയും നഷ്ടമാകുന്ന സ്ഥിതി നിലവിലുള്ളതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ വെട്ടിക്കുറച്ച ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങള്‍ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ പി.എഫ്. പെന്‍ഷന്‍ 1000 രൂപയാക്കുന്നതിനും ഫാക്ടറി നിയമങ്ങളുടെ നിഷേധം അവസാനിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ധിപ്പിക്കുന്നതിനുമുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

**<u>ചുമട്ട് തൊഴിലാളികളുടെ കൂലി</u>**

2498 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ അംഗീകരിച്ച, തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ചുമട്ട് തൊഴിലാളികളുടെ കൂലി സംബന്ധിച്ച വിശദവിവരം നിലവിലുണ്ടോ; ഇതിന്റെ പകർപ്പ് നൽകാമോ;

(ബി) എല്ലാ ലേബർ ഓഫീസുകളിലും പ്രസ്തുത റേറ്റ് അനുസരിച്ചാണോ ചുമട്ടുതൊഴിലാളികളുടെ വേതനം നടപ്പിലാക്കുന്നത്;

(സി) തൊഴിലാളി യൂണിയനുകളും സർക്കാരും അംഗീകരിച്ച റേറ്റിൽ നിന്നും ഉയർന്ന കൂലിയും നോക്കുകൂലിയും വാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>നോക്കുകൂലി</u>

2499 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലിയെന്ന ദുഷ്പ്രവണത നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) നോക്കുകൂലി തടയുന്ന കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ;

(ഡി) നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ പുതിയ തൊഴിൽ സാദ്ധ്യതകൾ</u>

2500 ശ്രീ.ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ പുതിയ തൊഴിൽ സാദ്ധ്യതകൾ വളർത്തിയെടുക്കാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി സെക്യൂരിറ്റി സർവ്വീസിൽ പരിശീലനം നൽകാനും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടിയെടുക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് വിശദമാക്കുമോ;

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

തൊഴിലാളികൾക്ക് ഉച്ച വിശ്രമം

2501 ശ്രീ. കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് ഉച്ചവിശ്രമം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>വ്യവസായ പരിശീലന വകുപ്പിലെ സ്ഥലം മാറ്റം</u>

2502 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിലെ അംഗീകൃത സംഘടനകളുടെ സെക്രട്ടറി/പ്രസിഡന്റ് എന്നിവർക്ക് ഹെഡ്ക്വോർട്ടേഴ്സ് ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ, ഏതെങ്കിലും അംഗീകൃത സംഘടനാ ഭാരവാഹിത്വമുള്ളവർ 2012 നവംബർ മാസത്തിന് ശേഷം ഉണ്ടായ ഒഴിവുകളിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമായ കാരണം നൽകാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

''സേഫ്റ്റി ആഡിറ്റ് സിസ്റ്റം''

2503 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ''സേഫ്റ്റി ആഡിറ്റ് സിസ്റ്റം'' നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സിസ്റ്റത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം

2504 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ച് കഴിഞ്ഞാൽ പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നതിനുളള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടിയിൽ രണ്ട് ഡോക്ടർമാരുളള ഒരു ഡിസ്പെൻസറി തുടങ്ങുന്നതിന് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാന ഇ.എസ്.ഐ. ഡയറക്ടറേറ്റ് ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികൾ</u>

2505 ശ്രീ.ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇ.എസ്.ഐ.യിൽ അംഗങ്ങളായ എത്ര തൊഴിലാളികളാണ് ഉള്ളത്;

(ബി) എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികളാണ് ഉള്ളത്;

(സി) കാഞ്ഞങ്ങാട് ഇ.എസ്.ഐ. ആശുപത്രി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം</u>

2506 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്കുകൾ വഴി നൽകുന്നതിന് പദ്ധതി</u>

2507 ശ്രീ. അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്കുകൾ വഴി നൽകാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക</u>

2508 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷൻ വിതരണം എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് ക്ഷേമനിധി ബോർഡ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി പെൻഷനുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) കുടിശ്ശിക തീർത്ത് പെൻഷൻ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികളുടെ ചികിൽസാധനസഹായവും അപകട ഇൻഷ്വറൻസും കാലതാമസം ഉണ്ടാകാത്ത വിധത്തിൽ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ</u>

2509 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലില്ലാത്തവരുടെ എണ്ണം എത്ര;

(ബി) രജിസ്റ്റർ ചെയ്ത് 25 വർഷം കഴിഞ്ഞിട്ടും ഇതുവരെ യാതൊരു ജോലിക്കും വിളിക്കപ്പെടാത്തവർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.06.2013-ലെ മറുപടിക്ക്**

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷന് സ്വകാര്യമേഖലയെ ഉൾപ്പെടുത്തൽ</u>

2510 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' അൻവർ സാദത്ത്
'' പി. സി. വിഷ്ണുനാഥ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷന് സ്വകാര്യമേഖലയെ ഉൾപ്പെടുത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്വകാര്യ നിയമനം</u>

2511 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്വകാര്യ നിയമനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ഒഴിവുകളിലാണ് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കുന്നതിനുള്ള നടപടി

2512 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഈ മാറ്റത്തിന് പിന്നിലുള്ള ഉദ്ദേശ്യം എന്താണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയാണ് ഇത്തരത്തിൽ മാറ്റിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

## കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയ നടപടി</u>

2513 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയപ്പോൾ എന്തൊക്കെ കാര്യങ്ങളാണ് പുതിയതായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി</u>

2514 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുള്ള 'സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി' തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ</u>

2515 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' ലൂഡി ലൂയിസ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനം</u>

2516 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 25 വർഷവും അതിന് മുകളിലുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത് പുതുക്കി വരുന്ന 50 വയസ്സ് കഴിഞ്ഞവരിൽ പലർക്കും തൊഴിൽ ലഭിക്കുകയോ തൊഴിലിനായി ശുപാർശ ചെയ്യപ്പെടുകയോ പോലും ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേര് രജിസ്റ്റർ ചെയ്ത് പുതുക്കി വരുന്ന 30 വർഷം സീനിയോറിറ്റി ഉള്ളവർക്ക് പ്രായം പരിഗണിക്കാതെ ഒഴിവുള്ള തസ്തികകളിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ജില്ലാ ഓഫീസറെ നിയമിക്കാന്‍ നടപടി</u>

2517 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ കര്‍ഷകതൊഴിലാളി ക്ഷേമ നിധി ഓഫീസില്‍ സ്ഥിരമായി ജില്ലാ ഓഫീസര്‍ ഇല്ലാതായിട്ട് എത്ര കാലമായി എന്ന് അറിയിക്കാമോ;

(ബി) ജില്ലാ ഓഫീസര്‍ ഇല്ലാത്തതുമൂലം കര്‍ഷക തൊഴിലാളികള്‍ക്ക് പെന്‍ഷനും മറ്റാനുകൂല്യങ്ങള്‍ അപേക്ഷിക്കുന്നതിന് പ്രയാസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ സ്ഥിരമായി ജില്ലാ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

ഐ. ടി. ഐ. കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്ന പദ്ധതി

2518 ശ്രീ.വി. ഡി. സതീശൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ. ടി. ഐ. കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.06.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യങ്ങൾ</u>

2519 ശ്രീ.പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ നിലവിലുണ്ട്; ഇതിൽ ഏതൊക്കെ ഐ.ടി.ഐ.കളിലെ കോഴ്സുകൾക്കാണ് എൻ.സി.വി.റ്റി അംഗീകാരം ലഭിച്ചിട്ടുളളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ.ടി.ഐകൾ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അതിൽ എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചവ ഏതൊക്കെയാണ്;

(സി) എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കാത്ത ഐടിഐകൾ ഏതൊക്കെയാണെന്നും അവയോരോന്നിനും അഫിലിയേഷൻ ലഭ്യമാവാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിലും സ്ഥാപനങ്ങളിലും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് ഏത് സർട്ടിഫിക്കറ്റാണ് നൽകുക; ഇങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ അപ്രന്റീസ് പരിശീലനത്തിനും ഇതര സർക്കാർ അംഗീകൃത ജോലിയാവശ്യത്തിനും എൻ.സി.വി.റ്റി സർട്ടിഫിക്കറ്റിന് ലഭിക്കുന്ന അതേ മൂല്യം ലഭിക്കുമോ;

(ഇ) അഫിലിയേഷൻ ലഭിക്കാത്ത ഐ.ടി.ഐ.കൾക്കു ആയത് ലഭ്യമാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാമെന്ന കരാറിൽ ഐ.ടി.ഐ.കൾ അനുവദിച്ചതിനുശേഷം കരാർ നടപടിയിൽ നിന്നും പിറകോട്ട് പോയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷങ്ങൾക്ക് പുതിയ ഐ.ടി. ഐ.കൾ</u>

2520 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തി ന്യൂനപക്ഷങ്ങൾക്കായി പുതിയ എത്ര ഐ.ടി. ഐ. കളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ഈ രീതിയിൽ അനുവദിക്കപ്പെട്ട ഐ.ടി.ഐ കൾ ഏതൊക്കെയാണ് ;

(സി) ഐ.ടി.ഐ. സ്ഥാപിക്കാനുള്ള സ്ഥല പരിധിയുടെ മാനദണ്ഡം നഗര പ്രദേശങ്ങളിൽ 1.5 ഏക്കറും ഗ്രാമപ്രദേശങ്ങളിൽ 2 ഏക്കറുമായി നിജപ്പെടുത്തികൊണ്ടുള്ള ഉത്തരവുകൾ ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സാമ്പത്തിക വർഷം തുടങ്ങാൻ അനുമതി ലഭിച്ച ഐ. ടി. ഐ. കൾ</u>

2521 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്) 134/2012/എൽ. ബി. ആർ തീയതി 19.05.2012 പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം തുടങ്ങാൻ അനുമതി ലഭിച്ച നാല് ഗവൺമെന്റ് ഐ. ടി. ഐ. കളിൽ ഏതെങ്കിലും ഇതിനകം ആരംഭിച്ചിട്ടുണ്ടോ;

(ബി) എവിടെയെല്ലാമാണ് അവ സ്ഥാപിക്കുന്നത്; ആരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>ഐ. ടി. ഐ. പ്രവേശനം</u>

2522 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിൽ വിവിധ കോഴ്സുകളിൽ പ്രവേശനത്തിനായി 2013-14 അദ്ധ്യയന വർഷം ക്ഷണിച്ച അപേക്ഷകളിൽ അടിസ്ഥാനയോഗ്യത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ''അതാതു കാലങ്ങളിൽ ഡി. ജി. ഇ. റ്റി. നിശ്ചയിച്ചിരുന്ന യോഗ്യത എന്നുപറയുമ്പോൾ'' ഏതാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അടിസ്ഥാന യോഗ്യത സംബന്ധിച്ച് വ്യക്തത വരുത്താതെ പ്രവേശന നടപടികൾ സ്വീകരിക്കുന്നത് എങ്ങിനെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2013–ലെ മറുപടിക്ക്

<u>കോട്ടത്തറ ഗവ:ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി</u>

2523 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോട്ടത്തറ ഗവ:ഐ.ടി.ഐ. യിൽ ആവശ്യത്തിന് ട്രേഡുകൾ ഇല്ലാത്തുമൂലം പ്രദേശത്തെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിറ്റാണ്ടുകളായി ഒരു ഇലക്ട്രീഷ്യൻ ട്രേഡ് മാത്രമാണ് ഇവിടെയുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സിവിൽ, ഓട്ടോമൊബൈൽ, ആർക്കിടെക്ച്ചർ അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2013-ലെ മറുപടിക്ക്

വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ. യുടെ പ്രവർത്തനം

2524 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആവശ്യമായ സ്റ്റാഫും പശ്ചാത്തല സൗകര്യങ്ങളും ഇല്ലാതെ ബുദ്ധിമുട്ടുന്ന വെസ്റ്റ് എളേരി വനിതാ ഐ.ടി. ഐ.യുടെ പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?